**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **05-07-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുകളിലെ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടുകളിൽ നേരിട്ട് വിവിധയിനം വിത്തുകൾ, കായ് ഫലമുള്ള വൃക്ഷത്തൈകൾ എന്നിവ വിതരണം നടത്തി കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വീട്ടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ജനകീയ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ ക്യാമ്പയിനിന്റെ പ്രഥമ ലക്ഷ്യം. ഈ ക്യാമ്പയിനിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ" ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി, സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനം പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകളും സൗജന്യമായി കർഷകർക്ക് നൽകുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ച് വരുന്നു.<br><br>സംസ്ഥാനത്തിന്റെ തനതും വിദേശ ഇനങ്ങളുമായ ഫലവൃക്ഷതൈകൾ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയായ "ഒരു കോടി ഫലവൃക്ഷ തൈകളുടെ വിതരണം പദ്ധതി", "ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേഴ്സ് ആന്റ് മെഡിസിനൽ പ്ലാന്റ്സ് 2022-23" എന്ന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി, ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുക്കൾച്ചർ തൈകൾ, വാഴക്കന്ന്, മറ്റ് ഫലവൃക്ഷ തൈകൾ തുടങ്ങിയവയും വിതരണം ചെയ്തു വരുന്നു. ഇതു വഴി വിഷരഹിത ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിൽ തന്നെ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു. |
| (ബി) | വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ | (ബി) | വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ? | | രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.<br><br>സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്കായുള്ള മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ, ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്ന മഴമറകൾ സ്ഥാപിക്കുന്നതിനായി 100 ച.മീ. വിസ്തീർണ്ണമുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br><br>ഒരു കോടി ഫലവൃക്ഷ തൈകളുടെ വിതരണം പദ്ധതി പ്രകാരം ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുക്കൾച്ചർ തൈകൾ ഒഴികെയുള്ള ഫലവൃക്ഷ തൈകൾ പൂർണ്ണമായും സൗജന്യമായും, ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ തുടങ്ങിയവയ്ക്ക് 25% വില ഗുണഭോക്തൃവിഹിതം ഈടാക്കിയുമാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ